# കണയന്നൂർ എം.എൽ.പി.സ്കൂൾ

# അക്കാദമിക മാസ്റ്റർപ്ലാൻ

## ആമുഖം

കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമ പഞ്ചായത്തിലെ 5-ാം വാർഡിലാണ് കണയന്നൂർ മാപ്പിള എൽ.പി.സ്കൂൾ സ്ഥിതി ചെയ്യുന്നത്.പാഠ്യ പാഠ്യേതര രംഗത്ത് മികച്ച മാതൃക കാഴ്ച വെക്കുന്ന സ്കൂളുകളിൽ ഒന്നാണ് നമ്മുടെ വിദ്യാലയം.ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു.അത്പോലെ എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു.കുട്ടികളുടെ നാനാതരം കഴിവുകൾ വികസിക്കത്തക്ക രീതിയിലുള്ള പഠന തന്ത്രങ്ങളും പഠന പ്രവർത്തനങ്ങളുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾ ക്കൊള്ളിച്ചിക്കുന്നത്.ഗണിത ശാസ്ത്ര മേള (ഗണിതോത്സവം) ,ശാസ്ത്ര പരീക്ഷണ ശിൽപശാല,നീന്തൽ പരിശീലനം തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഇക്കൂട്ടത്തിൽ പെടുന്നു.

അക്കാദമിക മാസ്റ്റർ പ്ലാൻ
ഗണിതം
std IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| <u>കളിക്കാം....കളിക്കാം</u><br>ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ<br>• മൂല്യ നിർണയം ഏണിയും പാമ്പും , ഡയസ് കളി<br>• സങ്കലനം വ്യവകലനം കച്ചവടക്കളി | അക്കാദമിക വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| യുക്തി ചിന്ത,മനക്കണക്ക് ഇവയില് പ്രാവിണ്യം നേടൽ | യുക്തി ചിന്തക്കാവശ്യമായ പഠന പ്രവർത്തനങ്ങൾ ക്ലാസ്സിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | ഒരു വർഷം | ഗണിത അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| ഒറിഗാമിയിലൂടെ പഠിക്കാം<br>ഗണിത പഠനം രസകരമാക്കൽ-ചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം,പ്രദർശനം | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ഗണിത ലാബ്<br>ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ,രസകരമാക്കൽ | ഗണിത ലാബ് ഒരുക്കൽ, പഠനത്തിന് ഉപയോഗപ്പെടുത്തൽ | അക്കാദമിക വർഷം | SRG ക്ലാസ് ടീച്ചർ (ഗണിതാധ്യാപകൻ) | |
| ഗണിത മേള<br>ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠനോത്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | SRG (ഗണിതാധ്യാപകൻ) | |
| ഗണിത പഠനോപകരണ ശിൽപശാല<br>പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം,പ്രദർശനം | ആവശ്യാനുസരണം (ഒന്നോ രണ്ടോ തവണ) | SRG ക്ലാസ് ടീച്ചർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## അടിസ്ഥാന ശാസ്ത്രം

## std V

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര ക്ലബ്ബ് രൂപീകരണം | നിശ്ചിത അംഗങ്ങളെ തിരഞ്ഞെടുത്ത് കൊണ്ട് രൂപീകരിക്കുന്നു.പ്രവർ ത്തനങ്ങൾ  ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും നടപ്പിലാക്കുന്നു. | 5 മാസം | സയൻസ് അധ്യാപകൻ | |
| ശാസ്ത്ര ലാബ് | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പരീക്ഷണങ്ങളും ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നു.ഉപകരണങ്ങൾ സജ്ജീകരിക്കുന്നു. | അക്കാദമിക വർ ഷം | സയൻസ് അധ്യാപകൻ HM | |
| സയൻസ് ഫെസ്റ്റ് ശാസ്ത്ര പരീക്ഷണങ്ങളിൽ പ്രാവിണ്യം നേടൽ | ക്ലാസ്റൂം പ്രവർത്തനത്തിന്റെ ഭാഗമായി പരീക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നു.<br>വർഷത്തിൽ ഒന്നോ രണ്ടോതവണ പരീക്ഷണ ശിൽപശാല നടത്തുന്നു. | അക്കാദമിക വർ ഷം | സയൻസ് അധ്യാപകൻ SRG | |

| | | | | |
|---|---|---|---|---|
| ശാസ്ത്രീയമായ അറിവ് നേടൽ | ശാസ്ത്ര ക്വിസ്<br>ദേശീയ ശാസ്ത്ര ദിനവുമായി ബന്ധപ്പെട്ട ശാസ്ത്ര ക്വിസ് സംഘടിപ്പിക്കുന്നു. | ഫെബ്രുവരി-28 | ശാസ്ത്രാധ്യാപകൻ | |
| ലിറ്റിൽ മാസ്റ്റർ | ശാസ്ത്രത്തിൽ മികച്ച രണ്ട് കുട്ടികളെ കണ്ടെത്തി അക്കാദമിക വർഷാവസാനം ലിറ്റിൽ മാസ്റ്റർ ഓഫ് സയൻസ് ആയി പ്രഖ്യാപിക്കുന്നു. | | ക്ലാസ് ടീച്ചർസയൻസ് അധ്യാപകൻ | |
| ശാസ്ത്രത്തോട് കൂടുതൽ ആഭിമുഖ്യം വളർത്തൽ | ശാസ്ത്രപ്പെട്ടി<br>ശാസ്ത്ര പ്രശ്നങ്ങളും പസിലുകളും സ്കൂൾ നോട്ടീസ്ബോർഡിൽ പ്രദർശിപ്പിക്കൽ,കുട്ടികൾ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു. | | ശാസ്ത്രാധ്യാപകൻ<br>SRG | |
| ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ ICT യുടെ സഹായത്തോടെ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലെത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ,ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രക്കുറിപ്പ് എന്നിവയുടെ Video പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | |

മലയാളം ക്ലാസ് : 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന:<br>മലയാളം തെറ്റുകൂടാതെയും അക്ഷര സ്ഫുടതയോടെയുംവഅനായാസമായി വായികകുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപിക | പി.ടി.എ |
| | • ക്ലാസ് ലൈബ്രറി വികസനം | ജൂൺ മുതൽ | സി.പി.ടി.എ | സി.പി.ടി.എ |
| | • ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ മുതൽ | അധ്യാപിക | അധ്യാപിക |
| | • അമ്മ വായന<br>അമ്മമാരുടെ വായനാക്കുറിപ്പുകൾ ക്ലാസ്.പി.ടി.എയിൽ അവതരിപ്പിക്കുന്നു. | അധ്യയന വർഷം മുഴുവൻ | സി.പി.ടി.എ | |
| | • വായനക്കാർഡ് നിർമ്മാണം | ജൂൺ-ജൂലൈ | അധ്യാപിക | സി.പി.ടി.എ |
| ലേഖനം:<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുക.<br>• അക്ഷരം തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ.വിവിധ വ്യവഹാര രചനകൾ നടത്തുവാനുള്ള ശേഷി കൈവരിക്കൽ | • ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.<br>• ജൂൺ-5 പരിസ്ഥിതി ദിന പോസ്റ്റർ<br>• ജൂൺ 19 വായനാദിനം വായനാവാരം | ജൂൺ | അധ്യാപിക | സി.പി.ടി.എ |
| | • ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>• ആഗസ്റ്റ് 9 നാഗസാക്കി ദിനം | ആഗസ്റ്റ് | അധ്യാപിക | സി.പി.ടി.എ |

| | | | | |
|---|---|---|---|---|
| | • <br>• ആഗസ്റ്റ് -15 സ്വാതന്ത്ര്യ ദിനം<br>• സെപ്തംബർ-5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം,ആദരിക്കൽ<br>• ഒക്ടോബര്-2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ-ക്ലാസ്സിൽ പ്രദർശിപ്പിക്കൽ-അവതരിപ്പിക്കൽ<br>• ഒക്ടോബർ10 ദേശീയ തപാൽ ദിനം-കൂടടുകാരനൊരു കത്ത്<br>• നവംബർ-1 കേരളപ്പിറവി പ്രസംഗം തയ്യാറാക്കൽ<br>• നവംബർ-14 ശിശു ദിനം ചാച്ചാജിയെ പരിചയപ്പെടുത്തൽ | ആഗസ്റ്റ്<br>സെപ്തംബർ<br>ഒക്ടോബർ<br>നവംബർ | അധ്യാപിക | |
| സർഗാത്മക പ്രകടനം | • തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ പ്രദർ ശിപ്പിക്കൽ- അവതരിപ്പിക്കൽ | അധ്യയന വർഷം മുഴവൻ | സി.പി.ടി.എ | |

| | | | | |
|---|---|---|---|---|
| മികവ് അവതരണം കുട്ടികൾ പുലർത്തുന്ന മികവ് പൊതു സമൂഹത്തിന മുന്നിൽ അവതരിപ്പിക്കുന്നതിനു ള്ള വസരമൊരുക്കൽ | • കുട്ടികൾക്കിണങ്ങുന്ന പുസ്തക ഭാഗം ഭാവാത്മകമായി വായിച്ചു കേൾപ്പിക്കാനവസരം<br>• കുട്ടികളുടെ പുസ്തകമേള സംഘടിപ്പിക്കുന്നു.<br>• റീഡേഴ്സ് തിയേറ്റർ അവതരണം<br>• പൊതു സമൂഹം നിർദ്ദേശിക്കുന്ന കുട്ടി ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്ന വായനോത്സവം. | ജനവരി | അധ്യാപിക | സി.പി.ടി.എ |

പരിസര പഠനം ക്ലാസ് : 4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതി നടത്തം : നിരീക്ഷണം,അറിവു നിർ മ്മാണം | • പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യമുള്ളപ്പോൾ | ഹെഡ് മാസ്റ്റർ സി.പി.ടി.എ. | പി.ടി.എ |
| ശാസ്ത്രമൂല: ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | • പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ.പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| ശാസ്ത്ര യാത്ര: ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ,അന്വേഷണ ത്വര വളർത്തൽ | • വാന നിരീക്ഷണ കേന്ദ്രം ,സയൻസ് പാർക്ക്,ഫോക്ക് ലോർ അക്കാദമി സന്ദർ ശനം. | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |
| ഭൂപടമൊരുക്കാം: കേരളം-ഇന്ത്യ ഭൂപട വായന-സൂചിക പരിചയപ്പെടൽ | • ഭൂപട വായന<br>• ഭൂപട രചന<br>• സൂചികാനിർമ്മാണം | വർഷത്തിൽ | SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ശാസ്ത്ര വിസ്മയ ചുമർ:<br>ശാസ്ത്ര പഠനം രസകരമാക്കൽ | • ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർ ത്തകൾ,ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രോത്സവം:<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | • പതിപ്പ്, ചാർട്ട്, ആൽബം പഠനോപകരണം,പരീക്ഷ ണം തുടങ്ങിയവയുടെ പ്രദർ ശനം നടത്തൽ | വർഷത്തിൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര മാസിക :<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | • ശാസ്ത്ര മാസികകളുടെ നിർ മ്മാണം-പ്രദർശനം | വർഷത്തിൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവരെ ആദ്യവാരം തന്നെ കണ്ടെത്തുന്നു.അവർക്ക് പ്രത്യേകം പരശീലനം സംഘടിപ്പിക്കുന്നു.ആവശ്യമായ സാമഗ്രികൾ ഒരുക്കുന്നു. | ലക്ഷ്യം നേടുന്നതു വരെ | ക്ലാസ് ടീച്ചർ SRG | PTA ഫണ്ട് |
| <u>വായിക്കാം വളരാം</u><br>വായനാശേഷി വളർത്തൽ | ക്ലാസ് വായനാകൂട്ടം,ക്ലാസ് ലൈബ്രറി ഒരുക്കൽ,പുസ്തക പരിചയം,വായനാക്കുറിപ്പ്,ആനുകാലിക വായന. | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ PTA | PTA |
| <u>കണ്ടറിയാം....കേട്ടറിയാം....</u><br>അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ. ICT | യൂണിറ്റുകളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ,പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| <u>രുചിച്ചറിയാം.......</u><br>നമ്മുയെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ. | പാചകക്കുറിപ്പുകൾ തയ്യാറാക്കൽ ക്ലാസ്സിലൊരു സദ്യ | വർഷത്തിലൊന്ന് | SRG PTA ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| <u>ഓർക്കാം ,അഭിമാനിക്കാം</u><br>സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കല് | ഓർമ്മ ദിനങ്ങൾ ആചരിക്കൽ ,ഡോക്യുമെന്ററി പ്രദർശനം, പുസതക പരിചയം,ക്വിസ, ജീവിത ചരിത്ര ക്കുറിപ്പ്,പതിപ്പ് നിർമ്മാണം പ്രദർശനം. | ആവശ്യാനുസരണം | SRG<br>PTA<br>ക്ലാസ് ടീച്ചർ | |
| <u>വായന ഉറപ്പിക്കാം</u><br>കുട്ടികളിൽ അർഥപൂർണമായ വായന ഉറപ്പുവരുത്തൽ. | പത്രം,പതിപ്പുകൾ,മാസികകൾ എന്നിവ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| <u>രംഗാവിഷ്കാരം</u><br>കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട കാഴ്ചകൾ,ലഘു നാടകങ്ങൾ തുടങ്ങിയവ അസംബ്ലിയിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | മാസത്തിലൊന്ന് | SRG<br>അധ്യാപകർ | |
| <u>ആശയവും ഒഴുക്കും</u><br>ആശയമറിഞ്ഞും ഒഴുക്കോടെയും വായിക്കുന്നു. | വാർത്ത വായനാ മതസരം,ബാല പ്രസിദ്ധീകരണങ്ങള് വായിക്കൽ,ക്ലാസ് ലൈബ്രറി വികസനം | മാസത്തിലൊന്ന് | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| അക്ഷരങ്ങൾ തിരിച്ചറിയാം<br>വായനയിൽ പിറകോട്ട് നിൽക്കുന്ന കുട്ടികളെ മുന്നോട്ട് കൊണ്ട വരാം. | പത്രക്കട്ടിങ്ങുകൾ നൽകി അധ്യാപികപറയുന്ന അക്ഷരങ്ങൾ കണ്ടെത്തി വട്ടം വരയ്ക്കുന്നു.<br>അധ്യാപിക പറയുന്ന വാക്കുകൾ ഇതേ രീതിയിൽ കണ്ടെത്തുന്നു. | വർഷം മുഴുവൻ | അധ്യാപിക | |
| വാക്കുകൾ കണ്ടെത്താം<br>പിന്നോക്കക്കാരെ മുന്നോട്ട് നയിക്കാൻ | ടീച്ചർ പറയുന്ന അക്ഷരങ്ങൾവരുന്ന വാക്കുകൾ സ്വന്തമായി കണ്ടെത്തി NB യിൽ എഴുതൽ,വായിക്കൽ മെച്ചപ്പെടുത്തുവാൻ അവസരം നൽകൽ | ആവശ്യാനുസരണം | അധ്യാപിക | |
| ചിത്രം വരയ്ക്കാം<br>ചില സന്ദർഭങ്ങൾ നൽകി അതിന്റെ ചിത്രം വരയ്ക്കൽ | പാഠഭാഗതതിലെ ചില സന്ദർഭങ്ങൾ വിശദീകരിച്ച് അതിനനുയോജ്യമായചിത്രങ്ങൾ വരയ്ക്കുന്നു. | ആവശ്യാനുസരണം | അധ്യാപിക | |

5 ഹിന്ദി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| <u>അക്ഷരങ്ങൾ ഉറപ്പിക്കൽ</u><br>തുടക്ക ക്ലാസ് ആയതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. | പുതിയ പദങ്ങൾ,പദ്യങ്ങൾ എന്നിവ വായിച്ച് അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങൾ മനസ്സിലാക്കിക്കൊടുത്ത് പഠിപ്പിക്കുന്നു. അക്ഷരങ്ങളുടെ ചിത്രങ്ങൾ ,വീഡിയോകൾ എന്നിവ കാണിക്കുന്നു.( ICT) | അക്ഷരങ്ങൾ ഉറക്കുന്നതു വരെ | അധ്യാപകർ | |
| <u>ഹിന്ദി വായന</u><br>തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനും എഴുതുവാനും | നിരന്തരം TB വായിച്ച് വായനയിലേക്ക് ആകർഷിക്കുന്നു.കൂടുതൽ ഹിന്ദി പുസ്തകങ്ങൾ വായിക്കുവാൻ അവസരമൊരുക്കുന്നു. | ,, | ,, | |
| <u>ഹിന്ദി സംസാരിക്കാം</u><br>ഹിന്ദിയിൽ സംസാരിക്കുവാനുള്ള കഴിവുണ്ടാക്കിയെടുക്കുന്നു. | നിത്യ ജീവിതത്തിൽ പ്രയോഗിക്കുവാൻ കഴിയുന്ന ചെറിയ ചെറിയ വാക്കുകളും വാക്യങ്ങളും പഠിപ്പിക്കുന്നു.ആവശ്യമായ സമയത്ത് ഉപയോഗിക്കുവാൻ നിർദ്ദേശിക്കുന്നു. | | | |

# ACCADAMIC MASTER PLAN
## 5 std. ENGLISH

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| • ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും, അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | • Lend your Ear:- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കാണിക്കുന്നു.ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ അത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | English teacher |
| | • Follow me if you can!:ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | June | English teacher |
| | • Breaking News : ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയത് കേൾപ്പിക്കുന്നു.ശരിയായ ഉച്ചാരണം ശ്രവിക്കുവാൻഅവസരം ഒരുക്കുന്നു. | June November | English teacher |
| | • Missing man : അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. | June | English teacher |

| | | | | |
|---|---|---|---|---|
| | തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു .അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു.<br><br>Treasure hunt:- വ്യത്യസ്ഥമായ വസതുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു.ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണിക്കുന്നു.വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു.പോയിന്റ് നൽകുന്നു.<br><br>Meet the foreigner:- തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു.<br><br>One man show :-ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | August<br><br>വർഷത്തിൽ ഒരിക്കൽ<br><br>October | English teacher<br><br>English teacher | |

| | | | |
|---|---|---|---|
| ഭാവാത്മക വായന പരിശീലിക്കുന്നു. | I Too can:- വ്യത്യസ്ഥ തലങ്ങളിലായി വിവിധ വായനാകാർഡുകൾ ക്രമീകരിക്കുന്നു.തെറ്റ് കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു.(ലളിതമായതിൽ നിന്നും -സങ്കീർ ണതയിലേക്ക്.)<br><br>Leaning Ladder: പാഠഭാഗത്തിൽ നിന്നും തിരഞ്ഞടുത്ത കുറച്ചു വാക്കുകൾ ചാർട്ടിൽ എഴുതി വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു.മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കണ്ടെത്താൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു.<br><br>FM Corner: വ്യത്യസ്ഥമായ കഥകൾ Readers theatre Radio Drama രൂപത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | July<br><br>September<br><br>Term ൽ ഒരുതവണ | English teacher |

| | | | |
|---|---|---|---|
| • തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets: കുട്ടികളുടെ കലാ സൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക് ഷ്നറി എന്നിവ തയ്യാറാക്കുന്നു.<br>Alert zone: സൂചനാബോർഡുകൾ ,പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു.<br>Run By Run : ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു.ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റു കൂടാതെ എഴുതുന്നു.ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റ് കൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br><br>Fun time funda:- കടങ്കഥകൾ ,കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | End of the year<br><br>ദിനാചരണങ്ങളിൽ<br><br>Feb<br><br>All english period | |

| | | | |
|---|---|---|---|
| • ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മ വിശ്വാസം ഉയർത്തുന്നു. | The grand camp:-ഇംഗ്ലീഷിൽ പ്രാവിണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾ പ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷടിച്ച് ഒരു English camp നടത്തുന്നു.<br><br>Reader of month: English News paper വായിക്കുവാൻ അവസര നൽകി Reader of the month നെ ആദരിക്കുന്നു. | Englh അധ്യാപകർ<br>PTA ഭാരവാഹികൾ<br>രക്ഷിതാക്കൾ<br><br>All months | വർഷാവസാനം |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 5 Std. ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| • അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | <u>ഗണിത ശിൽപശാല</u><br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>(നമ്പർ കാർഡ്,മഞ്ചാടിക്കുരു, മുത്തുകൾ,ഫ്ലാഷ കാർഡ്.etc.ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപകൻ |
| • രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും | <u>ഒറിഗാമി ശിൽപശാല</u><br>ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ.വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു.അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ |

| | | | |
|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ<br><br>• ഗണിതം മധുരമാക്കൽ<br><br><br><br><br><br><br><br>• ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ദിപ്പിക്കൽ. | • <u>ഗണിത പാർക്ക്</u><br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത പാർക്ക് സജ്ജമാക്കൽ.<br>• വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ.<br>• ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ.<br><br>• <u>ഗണിതഗ്രാമം</u><br>ഗണിതത്തിൽ പ്രാവിണ്യമുള്ള അധ്യാപകരെ (മറ്റ് മേഖലകളിൽ പ്രവർത്തിക്കുന്നവർ)പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് രസകരവും താൽപര്യം ജനിപ്പിക്കുന്നതുമായരീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | ഒരു പ്രാവശ്യം<br><br><br><br><br><br><br><br>വർഷത്തിൽ 3 തവണ | ഗണിതക്ലബ്ബ്<br><br><br><br><br><br><br><br>ഗണിത അധ്യാപകൻ ക്ലബ്ബ് ലീഡർ മാർ |

| | | | |
|---|---|---|---|
| • ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | <u>ഐ.ടി.സാധ്യതകളിലൂടെ</u><br>ജ്യാമിതീയ രൂപങ്ങൾ,ചതുഷ് ക്രിയകൾ,ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ |
| • ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കുന്നു. | <u>ഗണിത ക്ലിനിക്ക്</u><br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽ ക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു.പോരായമകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും |
| • വിവിധ ശേഷികളുടെ വികസനം | • <u>ദിനാചരണം.</u><br>ജൂൺമുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG .യിൽ രൂപപ്പെടുത്തുന്നു.നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനു സരണം. | SRG |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 5 Std. സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • സാമൂഹ്യ ശാസ്ത്ത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ,നേടിയെടുക്കൽ | • അങ്കത്തട്ട് :- കളിയിൽ നിന്ന് കാര്യത്തിലേക്ക്. സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾഓരോ പഠിതാവിനും നൽകുന്നു.<br>• <u>ഓർമ്മച്ചെപ്പ്:</u> അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി ,തലസ്ഥാനങ്ങൾ,വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് Memory test നടത്തുന്നു.<br>• Virtual field trip. ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം<br><br>ജൂൺ<br><br>ജൂൺ-ജൂലൈ | |

| | | | |
|---|---|---|---|
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | • വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്.<br>ഗ്രാമ സഭ,വാർഡ് സഭ ,എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധ്യ പത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | | |
| • പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | • പ്രകൃതിതാണ്ഡവം നേർക്കാഴ്ച.<br>ഭൂകമ്പം,സുനാമി,കൊടുങ്കാറ്റ്, വെള്ളപ്പൊക്കം,ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങൾ അവയുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും,അഗ്നിശമന സഹായത്തോടെ Demonstration ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാ പ്രവര്ത്തനങ്ങളിൽ ഏർപ്പടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | ജൂൺ-ജൂലൈ | |
| • സഹജീവികളോട് സമ ഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | • നന്മയുടെ നറുങ്ങുവെട്ടം.<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ,ഇരകളായ വ്യക്തികൾ എന്നിവരെ സന്ദരശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു.മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാക്കുന്നു. | ജൂൺ-ആഗസ്റ്റ് | |

| | | | |
|---|---|---|---|
| • വിവര വിനിമയസാങ്കേതിക വിദ്യയുടെ ദുരൂപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും ,റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു.<br>• സുസ്ഥിര വികസന കാഴച്ചപ്പാട് രൂപപ്പെടുത്തുന്നു. | • ചിലന്തിവലയിൽ നിന്ന് കുതിച്ച് ചാട്ടം:- സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭി മുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും,ട്രാഫീക്ക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ,സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>• കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്,സർവ്വെ) പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കണ്ടൽ ക്കാടുകൾ,തണ്ണീർതടങ്ങൾ, ജലാശയങ്ങൾ,കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വെ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | ജൂൺ-മാർച്ച്<br><br>ആഗസ്റ്റ് | |
| • സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർ ദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | • പുതു ചക്രവാളത്തിലേക്ക് സിവിൽ സർവ്വീസ പരീക്ഷകളെഴുതാൻ പ്രാപ്തിനേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന ,മത്സര ബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിൽ ഉള്ള ചോദ്യോത്തര വേളകൾ,ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. | ജനവരി-മാർച്ച് | |

ACCADAMIC MASTER PLAN
ENGLISH. IV.Std

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും,സംസാരിക്കാനും , എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ. | • ഇംഗ്ലീഷ് അസംബ്ലി : ആഴ്ച്ചയിൽ രണ്ട് ദിവസം അസംബ്ലി ചേരൽ.(അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| • തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | • നിത്യവും, വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവരത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു. | ആഴചയിൽ 3 ദിവസം വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| • സർഗാത്മക പരിപോഷണം. | • ഇംഗ്ലീഷ് തിയേറ്റർ ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ.Skit, Drama, Conversation Roleplay.etc. | മാസത്തിൽ ഒന്ന് | Englsh teacher | |

| | | | | |
|---|---|---|---|---|
| സർഗാത്മകതാ രചനാശേഷി വികസനം | ഇംഗ്ലീഷ് മാഗസിൻ<br>മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്നു മാസത്തിൽ ഒരിക്കൽ | H.M<br>ക്ലാസ് ടീച്ചർ<br>SMC | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | ഇംഗ്ലീഷ് കയ്യെഴുത്ത്<br>സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച്<br>സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | |
| വായനാപരിപോഷണം | ഇംഗ്ലീഷ് കോർണർ.<br>കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനമൂല ഒരുക്കൽ<br>• വായനവേള ഒരുക്കൽ<br>• വായനകുറിപ്പ്<br>പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ.ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ | ഇംഗ്ലീഷ് ഫെസ്റ്റ്<br>വായനാ മത്സരം രചനാ മത്സരം മറ്റ് സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | വർഷാവസാനം | | |

# ക്ലാസ് : 3 EVS അക്കാദമിക മാസ്റ്റർ പ്ലാൻ

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ജൂൺ | • ചെടികൾ നിരീക്ഷിക്കുന്നു.<br>• പ്രകൃതി നടത്തം<br>• വിത്ത് മുളപ്പിക്കൽ<br>• വ്യത്യസ്ഥതരം സസ്യങ്ങൾ,പൂക്കൾ,എന്നിവയെ തിരിച്ചറിയുന്നു.<br>• പരിസ്ഥിതി ദിനാചരണം<br>• ഹരിത കാർഡ് നിർമ്മാണം | SRG |
| ജൂലൈ | • വ്യത്യസ്ഥതരം ജീവികളെ നിരീക്ഷണം,ചിത്ര ശേഖരണം<br>• മണ്ണ് നിരീക്ഷണം<br>• ജൈവ വൈവിധ്യ ഉദ്യാനം നിർമ്മാണം | |
| വർഷം full | • സ്കൂൾ ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ | SRG,PTA |
| ഓഗസ്റ്റ് | • മഴമാപിനി നിർമ്മാണം<br>• ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം<br>• കിണർ സന്ദർശനം | |

| | | |
|---|---|---|
| സെപ്റ്റംബർ | • മണ്ണ് നിരീക്ഷണം<br>• മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ<br>• ആശയപടം തയ്യാറാക്കൽ<br>• ശുചിത്വ പോസ്റ്റർ നിർമ്മാണം<br>• സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ<br>• ആരോഗ്യ ബോധവൽക്കരണ സെമിനാർ<br>• Interview-ആരോഗ്യ പ്രവർത്തകർ | SRG,PTA |
| ഒക്ടോബർ | • ഫീൽഡ് ട്രിപ്പ് ,പഴം പച്ചക്കറി കട<br>• Food festival<br>• എന്റെ ആരോഗ്യ കാർഡ് ഓരോ കുട്ടിക്കും<br>• സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>• ശരിയായ ഭക്ഷണ ശീലം-പോസ്റ്റർ | PTA,MPTA,SRG |
| നവംബർ | • ആരോഗ്യ വിദഗ്ധരുടെ ക്ലാസ്<br>• റോഡ് പ്ലേ.റോഡ് നിയമങ്ങൾ<br>• First aid kit തയ്യാറാക്കൽ | |

| | | |
|---|---|---|
| ഡിസംബർ | • First aid:-Readers theatre<br>• സ്വയം സുരക്ഷ,പത്രക്കട്ടിങ്ങ്സ്,ചർച്ച,ബോധവൽക്കരണം<br>• പരീക്ഷണങ്ങൾ ,നിരീക്ഷണ പ്രവർത്തനം,globe,ICT<br>• ഗ്ലോബ് നിർമ്മാണം<br>• ദേശീയ പതാക വരയ്ക്കൽ<br>• ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>• ഭൂപട വായന<br>• എന്റെ കേരളം-ചിത്ര രചന കുറിപ്പ്<br>• ചോദ്യോത്തരപ്പയറ്റ്<br>• ഭൂപ്രകൃതി തിരിച്ചറിയൽ | PTA |
| ജനവരി<br>ഫെബരുവരി | • ജീവികളുടെ കൂടുകൾ,ചിത്ര ശേഖരണം<br>• വ്യത്യസ്ഥതരം വീടുകൾ,ആൽബം<br>• വീട നിർമാണഇടം സന്ദർശനം<br>• വ്യത്യസ്ഥ ജോലികൾ-സർവ്വെ<br>• ഇന്റർവ്യൂസ്,ഫീൽഡ് സന്ദർശനം<br>• പൊതു സ്ഥാപനം | SRG,PTA |
| മാർച്ച് | • പഠനോത്സവം | SRG,PTA,MPTA,SSK |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ഗണിതം
## III.std

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും 1000 വരെയുള്ള സംഖ്യാബോധം ഉറപ്പിക്കൽ | • മൂർത്ത വസ്തുക്കളുപയോഗിച്ച് കെട്ടുകളാക്കൽ(ഈർക്കിൽ,മഞ്ചാടി,മുത്ത്)<br>• സംഖ്യാകാർഡ് കളി, ഗണിത വിജയം പ്രവർത്തനങ്ങൾ<br>• അബാക്കസ്<br>• കളിനോട്ടുകൾ | 6 മാസം | ഗണിതാധ്യാപകൻ<br>രക്ഷിതാവ് | SRG<br>PTA |
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയൽ | ഒറിഗാമി ശിൽപശാല സംഘടിപ്പിക്കൽ,ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ,പ്രദർശിപ്പിക്കൽ | 2 മാസം | SRG<br>PTA<br>ഗണിതാധ്യാപകൻ | PTA |

| | | | | |
|---|---|---|---|---|
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ഡിസംബർ | SRG ഗണിതാധ്യാപകൻ | SRG PTA |
| യുക്തി ചിന്ത, മനക്കണക്ക് ഇവയിൽ പ്രാവിണ്യം നേടൽ | യുക്തി ചിന്തക്കാവശ്യമായപഠന പ്രവർത്തനങ്ങൾക്ലാസിൽ ആസൂതരണം ചെയത് നടപ്പിലാക്കുന്നു. | ഒരു വർഷം | ഗണിതാധ്യാപകൻ | |
| സങ്കലനം,വ്യവകലനം,ഗുണനം എന്നീ ചതുഷ് ക്രിയകൾ സ്വായത്തമാക്കൽ | മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് ചതുഷ് ക്രിയകൾ ചെയ്യൽ.ഗണിത വിജയം പ്രവർത്തനങ്ങൾ (സംഖ്യാപിരമിഡ്,സംഖ്യാമാം) | അക്കാദമിക വർഷം | SRG ഗണിതാധ്യാപകൻ | |

മലയാളം രണ്ടാംതരം

| ലക്ഷ്യം | പ്രവർത്തനം | ഉൽപ്പന്നം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | • ചിത്ര കാർഡുകൾ തയ്യാറാക്കി നൽകൽ<br>• ഭാഷണത്തിന് അവസരമൊരുക്കൽ<br>• സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി തയ്യാറാക്കൽ | • ചിത്രകാർഡുകൾ | ജൂൺ മുതൽ | CPTA SRG | PTA |
| ആത്മ വിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരം ഒരുക്കുന്നു. | • ചിത്ര കഥാ പുസ്തക നിർമ്മാണം<br>• അവതരണം<br>• പ്രകാശനം<br>• എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടൽ | ചിത്ര കഥകൾ<br><br>• കഥ<br>• കവിത<br>• നോട്ടീസ്<br>• പോസ്റ്റർ | ജൂൺ മുതൽ<br><br>ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാവ്<br><br>രക്ഷിതാവ് ക്ലാസ് ടീച്ചർ | SRG |

| | | | | | |
|---|---|---|---|---|---|
| ക്ലാസ്സിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ് വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക. | • പാട്ടരങ്ങ്<br>• സംയുക്ത ഡയറിഎഴുതൽ,അവതരിപ്പിക്കൽ<br>• പ്രീ ടെസ്റ്റ് നടത്തുന്നു<br>• ആശയം,താളം ,ഈണം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർക്കുന്നു. | ഡയറി,പ്രീ ടെസ്റ്റ് പേപ്പർ | ജൂൺ-ഡിസംബർ | SRG ക്ലാസ് ടീച്ചർ PTA | PTA |
| കേട്ടതോ കണ്ടതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നു. | പതിപ്പ് നിർമ്മാണം<br>വീട്ടു വായന ,നാട്ടുവായന,അമ്മ വായന പ്രോത്സാഹിപ്പിക്കൽ | പതിപ്പ്, വായനാ കാർഡുകൾ | ജനവരി മാർച്ച് | രക്ഷിതാവ് ക്ലാസ് ടീച്ചർ | രക്ഷിതാവ് |
| ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുന്നു. | അറിയിപ്പുകൾ,ക്ഷണക്കത്ത് എന്നിവ വായിക്കുന്നു.അവയുടെ ഭാഷാരീതി മനസ്സിലാക്കുന്നു.<br>• പുതിയ അറിയിപ്പു ബോർഡുകൾ തയ്യാറാക്കുന്നു.<br>• വായിച്ച് ആശയ ഗ്രഹണ ചോദ്യങ്ങൾ ചോദിക്കുന്നു. | ക്ഷണക്കത്ത് അറിയിപ്പുകൾ | ആഗസ്ത് | അധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലും രചനകളിലും ഏർ പ്പെടുന്നു | • വരികൾ കൂട്ടിച്ചേർക്കൽ കഥയുടെ തുടർച്ച എഴുതൽ എന്നീ പ്രവർ ത്തനം ചെയ്യുന്നു.<br>• ഉചിതമായ പദങ്ങൾചേർത്ത് വാക്യങ്ങൾ എഴുതുക<br>• കടങ്കഥ സ്വന്തമായി നിർമ്മിക്കുക. | കഥകൾ പാട്ടുകൾ | ജനവരി | അധ്യാപിക SRG | |
| ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ച തിരിച്ചറിയൽ പ്രവർ ത്തനം നടത്തുന്നു. | പ്രീ.ടെസ്റ്റ് | ചോദ്യപ്പേപ്പർ | ജൂൺ | ക്ലാസ് ടീച്ചർ | |
| ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണി എഴുതുന്നു. | രണ്ടു കൂട്ടങ്ങൾ ചേർക്കുമ്പോൾ ഉള്ള സംഖ്യ കണ്ടെത്തി പറയുന്നു.<br>പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ രൂപീകരിക്കൽ<br>സംഖ്യാ പോക്കറ്റ് | സംഖ്യാ പോക്കറ്റ് | ജൂലൈ | ക്ലാസ് ടീച്ചർ രക്ഷിതാവ് | SRG |

| | | | | | |
|---|---|---|---|---|---|
| വിവിധ പ്രായോഗിക പ്രശ്നങ്ങൾ ഗണിതാശയം ഉപയോഗിച്ച് നിർ ദ്ധാരണം ചെയ്യുന്നു. | • കളിനോട്ടുകൾ തയ്യാറാക്കുന്നു.<br>• അബാക്കസ് നിർമ്മാണം<br>• വില വിവര പ്പട്ടിക തയ്യാറാക്കൽ<br>• കലണ്ടർ പാറ്റേൺ നിർമ്മാണം<br>• മാസങ്ങളിലെ ദിവസങ്ങൾ തമ്മിലുള്ള പാറ്റേണുകൾ കണ്ടെത്തൽ<br>• സമയം എന്ന ആശയം | വിലവിവരപ്പട്ടി ക<br>കളിനോട്ട്<br>അബാക്കസ്<br>കലണ്ടർ<br>ക്ലോക്ക് | ആഗസ്റ്റ്-മാർച്ച് വരെ | SRG<br>രക്ഷിതാവ്<br>അധ്യാപിക | രക്ഷിതാ വ് |
| ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു. | • അബാക്കസ് നിർ മ്മാണം,ഉപയോഗം എന്നിവ സ്ഥാന വിലയുമായി ബന്ധപ്പെട്ട് നൽകുന്നു.<br>• ഡൊമിനോസ്, റാണിയും മക്കളും ,ഗെയിം കിറ്റ് ഉപയോഗം<br>• കളി നോട്ടുകൾ നാണയങ്ങൾ പേപ്പറിൽ ഒട്ടി കളിനോട്ടുകൾ തയ്യാറാക്കൽ. | ഡൊമിനോ<br>അബാക്കസ്<br>കളിനോട്ട്<br>നാണയം | സപ്തംബ ർ മുതൽ | SRG<br>അധ്യാപിക | |

# EVS

| ലക്ഷ്യം | പ്രവർത്തനം | ഉൽ പ്പന്നം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ചുറ്റുപാടുകൾ വൃത്തിയായാലേ ആരോഗ്യകരമായ ചുറ്റുപാടുകൾ ഉണ്ടാവൂ | • ഗൃഹസന്ദർശനം സർവ്വെ<br>• ബോധവൽക്കരണക്ലാസ്<br>• സ്കൂളും പരിസരവും വൃത്തിയാക്കൽ<br>• സ്വന്തം വീട് വൃത്തിയാകുന്നതിൽ പങ്കുവഹിക്കുന്നു.<br>• ശുചീകരണ ഉപകരണങ്ങൾ തിരിച്ചറിയുന്നു.<br>• പോസ്റ്റർ നിർമ്മാണം | സർവ്വെ ഫോറം ശുചിത്വ പ്രവർ ത്തന റിപ്പോർ ട്ട് | ജൂൺ ഡിസം ബർ | SRG<br>PTA<br>MPTA | |
| ചുറ്റുപാടിൽ നിന്ന് വ്യത്യസ്ഥ കാര്യങ്ങൾ മനസ്സിലാക്കി പ്രാവർ ത്തികമാക്കുന്നു. | • ലഘു പരീക്ഷണങ്ങളിൽ ഏർ പ്പെടൽ<br>• സസ്യങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു.<br>• ഇലകൾ കൊണ്ട് കളിപ്പാട്ട നിർ മ്മാണം<br>• ഇല ആൽബം<br>• പരീക്ഷണ നിരീക്ഷണക്കുറിപ്പ് | പരീക്ഷ ണക്കുറി പ്പ് കളിപ്പാട്ട നിർ മ്മാണം | ജൂലാ യ് മുതൽ | HM<br>അധ്യാപകൻ<br>SRG | |

| Aim | Activity | Product | Period | Task | |
|---|---|---|---|---|---|
| To speak,Read and write English with out any mistakes | • Pre-test<br>• Identify the naming words from the picture.<br>• Identify the action words from the same picture. | Pictures | June to march | Teaches parents | |
| To develop listening skills and reading skills. | • Word chain<br>• pictures description<br>• Read notice<br>• Word web<br>• Read story<br>• Read diary<br>• Read letters | July-December | | | |
| Growing sentences,picture readings self introduction Assembly are also conducted | • Conversation<br>• Describing the words<br>• Self introduction<br>• book review<br>• Text book activities<br>• | January to February | | | |

| | | | | | |
|---|---|---|---|---|---|
| To express thoughts feelings etc.<br><br><br><br><br><br><br><br>Develop the creative speaking and writing skill | • Develop story<br>• Read notice<br>• News paper readings<br>• Library book readings<br>• Word chain<br>• picture description<br>• Word web<br><br>• Read story<br>• Read diary<br>• Make riddle<br>• Word web<br>• Describing words<br>• Make riddles<br>• Add more lines<br>• speech<br>• quiz<br>• Magazines | January-March | | | |

# CLASS.I

- Simple words simple sentence,add more line,
- Respond to simple introductions in the classroom.
  Eg:May I Come in teacher
- Describe orally about pictures and objects using adjectives (colour, shape, size, etc..)
- Familiaries with words identifies.
- Enjoy songs and sings with rhythm and action.
- Familiaries the names of birds animals their young ones and identifies them from pictures
- To develop listening skills
- Familiaries with words like simple words

| Time | Activities | |
|---|---|---|
| June | • Simple word introducing , like big, small, Car,bus,<br>• Provides picture Card<br>• Introduce Magical words. | |
| July | • Says the familiar words<br>• writing familiar words<br>• Reading familiar words | |
| August | • Enjoy songs and sings with rhythm and action.<br>• Describe orally about pictures and objects using adjectives. (colour, Shape, Size) | |
| September | • Reads and writed simple words and simple sentences bus , big bus, big blue bus.<br>• Provides picture card and readings card<br>• develop to tell description about a picture try to write them. with the help and without help. | |


| | | |
|---|---|---|
| October | • Introduce simple picture description<br>• sentences make riddles<br>• describing words rhyming words etc...<br>Textbook activities. | |
| November | • Preparing the reading card<br>• The classroom provides more opportunities to read. write and speak English.<br>• Write 5 English word daily. | |
| December | • Give more opportunities to write description.<br>• Encourage the digital reading daily.<br>• Give some infructions / description to draw picture .<br>• Give pictures to write description. | |
| January | • Provide opportunities to talking in English only in the classroom | |

| | | |
|---|---|---|
| February | • Provide to express my self in the classroom<br>• Give opportunities to speak English fluently  without fear.<br>• Give opportunities to “who am I” finding type questions daily | |
| March | • English speak fluently<br>• can read and write simple sentences.<br>• Picture reading ,picture describing can tell you how to read and write.<br>• Reading cards made individually without help. | |

ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നായതിനാൽ ഒന്നാം ക്ലാസ്സിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ടതായിട്ടുണ്ട്.ഗണിതം ഇല്ലാതെ ജീവിതത്തിൽ ഒന്നുമില്ല എന്നുതന്നെ പറയാം.ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദകരമാക്കാവുന്നതാണ് .പലതരത്തിലും ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധിക്കുന്ന തരത്തിലാണ് ഓരോഗണിത പ്രവർത്തനങ്ങളും ഒരുക്കിവച്ചിരിക്കുന്നത്.

ലക്ഷ്യങ്ങൾ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- 9 ൽ താഴെയുള്ള വ്യത്യസ്ഥ സംഖ്യകളിൽ ഒരുസംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു.
- സംഖ്യകളെ ആരോഹണ ക്രമത്തിലും അവരോഹണക്രമത്തിലും ക്രമീകരിക്കാൻ സാധിക്കുന്നു.
- സംഖ്യകളുടെ സങ്കലനവും വ്യവകലനവും സാധിക്കുന്നു.സംഖ്യകളെ വ്യത്യസ്ഥ രീതികളിൽ വ്യാഖ്യാനിക്കുന്നു.
- സംഖ്യാപാറ്റേൺ രൂപീകരിക്കൽ
- ഒരക്ക സംഖ്യകളും രണ്ടക്കസംഖ്യകളും തമ്മിലുള്ള ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.

| കാലയളവ് | പ്രവർത്തനങ്ങൾ | |
|---|---|---|
| ജൂൺ | • സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>• സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.<br>• സംഖ്യാകാർഡ്  നിർമ്മിക്കൽ<br>• രൂപങ്ങൾ തിരിച്ചറിയുന്നു.<br>• ചുറ്റുമുള്ളവയെ രൂപത്തിന്റെ അടിസ്ഥാനത്തിൽ വർഗീകരിക്കുന്നു.<br>• | |
| ജൂലൈ | • ഗണിതപഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.<br>• സംഖ്യകൾക്ക് അനുസരിച്ച് ചിത്രങ്ങൾ വരച്ച് സംഖ്യാകാർഡ്   | |
| ആഗസ്റ്റ് | • 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>• വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ<br>• ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | |
| സെപ്റ്റംബർ | • സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ<br>• ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ<br>• ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകളിൽ ഏർപ്പെടൽ<br>• ഒന്നിനോട് ഒന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ് ,സംഖ്യാഗാനം ആലപിക്കൽ | |

| | | |
|---|---|---|
| ഒക്ടോബർ | • ഒറ്റസംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ<br>• ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ, ഇരട്ട സംഖ്യഎന്ന തിരിച്ചറിവ് ഉണ്ടാക്കൽ.<br>• വലിയ സംഖ്യ ,ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ | |
| നവംബർ | • സംഖ്യാഗാനങ്ങൾ പാടുന്നു.ശേഖരിക്കുന്നു.<br>• ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യമാക്കാൻ ഗണിത കേളികളിൽ ഏർപ്പെടുന്നു.<br>• ഒരക്ക സംഖ്യയും പത്തും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | |
| ഡിസംബർ | • സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.<br>• ഗണിത ആൽബം തയ്യാറാക്കൽ<br>• Number book തയ്യാറാക്കൽ | |
| ജനവരി | • സംഖ്യകളെ നിറം നൽകി ഭംഗിയാക്കുന്നു.<br>• ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലനം പത്തിന്റെ കൂട്ടങ്ങളാക്കി ചെയ്യുന്നു.<br>• സങ്കലനം വ്യവകലന ക്രിയകൾ ഇടകലർത്തി നൽകുന്നു<br>• വ്യത്യസ്ഥ രീതിയിൽ സംഖ്യകളെ വ്യാഖ്യാനിക്കുന്നു. | |
| ഫെബ്രുവരി | • ഗണിത ആൽബം CPTA യിൽ പ്രദർശിപ്പിക്കുന്നു.<br>• സംഖ്യാഗാന ആൽബം തയ്യാറാക്കല് പ്രദർശനം<br>• വിലവിവര പട്ടിക പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>• സംഖ്യാഗണിത കേളികളിൽ ഏർപ്പെടൽ | |
| മാർച്ച് | • ഗണിതാശയങ്ങൾ ഉൾപ്പെടുത്തി വിവിധ തരം വർക്ക് ഷീറ്റുകൾ നൽകുന്നു.<br>• ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടൽ<br>• ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>• സംഖ്യകളുടെ പകുതി,തുല്യമാക്കൽ എന്നിവ തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>• | |

ACCADAMIC MASTER PLAN

I[st] std EVS

ഒന്നാം ക്ലാസ്സിൽ നിന്ന് തന്നെ ശാസ്ത്ര പ്രവർത്തനങ്ങളിലൂടെ കടന്നുപോകുന്നത് ഉത്തമമായ കാര്യമാണ്. ശാസ്ത്രീയ തലത്തിലൂടെ കുട്ടി കടന്നു പോകുമ്പോൾ പരിസരവുമായി ഇണങ്ങിച്ചേരുവാനും സാധ്യമാകുന്നു.പരിസരവുമായി ഇഴുകിച്ചേർന്ന് നടന്ന് പഠിക്കുന്നതും ജീവിക്കുന്നതും ചെറിയ തലത്തിൽ നിന്ന് തന്നെ ശാസ്ത്രീയ വശങ്ങൾ മനസ്സിലാക്കി നിഗമനങ്ങളും പരീക്ഷണങ്ങളും കണ്ടെത്തലുകളും നടത്തി ശാസ്ത്രബോധം വളർത്തിയെടുക്കേണ്ടത് അത്യന്തിതാപേക്ഷിതമായ കാര്യമാണ്.

**<u>ലക്ഷ്യങ്ങൾ</u>**

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്ഥതകളുണ്ടെന്ന് പറയുന്നു.
- വിവിധ തരം സസ്യങ്ങൾ (വലിയ മരങ്ങൾയചെറിയ ചെടികൾ,പൂക്കുന്നവ,പൂക്കാത്തവ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- സസ്യങ്ങൾക്ക് വേര്,തണ്ട്, ഇല, പൂവ്,കായ തുടങ്ങിയ ഭാഗങ്ങളുണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു.ചിത്രീകരിക്കുന്നു.വിശദമാക്കുന്നു.
- നിരീക്ഷിച്ചും,അനുഭവത്തിലെ അടിസ്ഥാനത്തിലും മഴക്കാലത്ത് ചുറ്റുമുണ്ടാകുന്ന മാറ്റങ്ങളെ കുറിച്ച് തന്റേതായ ആശയങ്ങൾ വിവിധ രീതികളിൽ അവതരിപ്പിക്കുന്നു.(ചിത്രീകരണം,അനുഭവം പറയൽ,പരിസര നിരീക്ഷണം)
- പതിപ്പുകൾ തയ്യാറാക്കുന്നു.
- പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ (നിറം ഇതളുകളുടെ എണ്ണം പ്രയോജനം,വലുത്/ ചെറുത് , ഒറ്റയായത് *കുലമായത്,മണമുള്ളത്/*ഇല്ലാത്തത്)പട്ടികപ്പെടുത്തുന്നു..നിഗമനം രൂപീകരിക്കുന്നു.
- നിറം,രുചി,മണം,വലുപ്പം, ആകൃതി എന്നിവയിൽ പഴങ്ങൾ വ്യത്യസ്ഥമാണെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- സസ്യങ്ങൾ,പൂക്കൾ,പഴങ്ങൾ എന്നിവയുടെ പേരുകൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു.
- പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
- ലഘു പരീക്ഷണ പ്രൊജക്ടുകൾ ചെയ്യുന്നു.(സസ്യങ്ങൾ,പഴങ്ങൾ,എന്നിവയിലെ വൈവിധ്യം വിത്തുമുളച്ച് ഇലകൾ വരാനെടുക്കുന്ന ദിവസങ്ങൾ നിരീക്ഷിച്ച് കണ്ടെതതി നിഗമനത്തിൽ എത്തിച്ചേരൽ.
- വിത്ത്,ഇല,പൂക്കൾ തുടങ്ങയവ ശേഖരികകുകയും ക്രമീകരിച്ച് പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

**<u>മുന്നൊരുക്കം</u>**

- പ്രകൃതി നടത്തം പരിസ്ഥിതിദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കൽ
- ICT യിൽ പ്രകൃതി,പരിസ്ഥിതി പ്രവർത്തനങ്ങൾ സാധ്യത ഒരുക്കി കൂടുതൽ പരിസര പഠനത്തിൽ മുൻതൂക്കം നൽകൽ.

| കാലയളവ് | പ്രവർത്തനം | |
|---|---|---|
| ജൂൺ | • പ്രകൃതി നടത്തം<br>• പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ.<br>(വൃക്ഷത്തൈ നടൽ,Kitchen garden തയ്യാറാക്കൽ | |
| ജൂലൈ | • ചുറ്റുപാടുമുള്ള മരങ്ങൾ,ചെടികൾ നിരീക്ഷിക്കൽ തിരിച്ചറിയൽ<br>• തിരിച്ചറിഞ്ഞവ പട്ടികപ്പെടുത്തൽ<br>• പ്രകൃതി നടത്തം -സസ്യങ്ങളെ നിരീക്ഷിക്കുന്നു.പേരുകൾ കണ്ടെത്തുന്നു.പറയുന്നു,എഴുതുന്നു,(സഹായത്തോടെ)<br>• സകൂൾ പൂന്തോട്ട നിർമ്മാണം | |
| ആഗസ്റ്റ് | • ചെടികളുടെ ചിത്രങ്ങൾ ക്ലാസ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നു.<br>• തിരിച്ചറിയുന്ന ചെടികൾ നിരീക്ഷിച്ച് പ്രത്യേകതകൾ പറയൽ എഴുതൽ.<br>ഉദാ: ചെമ്പരത്തി<br>ചെമ്പരത്തി പല തരത്തിലുണ്ട്.<br>പൂക്കൾ മരുന്നായി ഉപയോഗിക്കുന്നു.<br>മണമില്ലാത്ത പൂവാണ്<br>കുറച്ച് ഇതളുള്ള ചെമ്പരത്തി ഉണ്ട്.<br>• സ്കൂളിലും വീട്ടിലും അടുക്കളത്തോട്ടം പൂന്തോട്ടം നിർമ്മാണം | |
| സെപ്തംബർ | • ചുറ്റുപാടുമുള്ള ചെടികൾ നിരീക്ഷിച്ച് ആഹാര യോഗ്യമായതും ഭംഗിക്ക് ഉപയോഗിക്കുന്നതും കണ്ടെത്തുന്നു.<br>• ചെടികൾ,മരങ്ങൾ വ്യത്യാസം തിരിച്ചറിയൽ<br>• മണമുള്ള പൂക്കൾ ഇല്ലാത്ത പൂക്കൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു.കണ്ടെത്തുന്നു.നിഗമനത്തിൽ എത്തിച്ചേരുന്നു.ശേഖരിക്കുന്നു. | |
| ഒക്ടോബർ | • ചെടികളുടെ വേര്,തണ്ട് , ഇല,പൂവ് ,കായ തുടങ്ങിയ ഭാഗങ്ങളുണ്ടെന്ന് കണ്ടെത്തുന്നു.ചിത്രീകരിക്കുന്നു,വിശദമാക്കുന്നു.<br>• പലതരം ചെടികൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | |

| | | |
|---|---|---|
| നവംബർ | • ചെറിയ പൂക്കൾ/വലിയ പൂക്കൾ,ഒറ്റയായത്,കുലയായത്,മണമുള്ളത്, മണമില്ലാത്തത്,ഔഷധഗുണമുള്ളത് തിരിച്ചറിയൽ,ഇതളുകളുടെ എണ്ണം തിരിച്ചറിയൽ<br>• പൂക്കളെ നിറത്തിന്റെ അടിസ്ഥാനത്തിൽ സാമ്യവ്യത്യാസങ്ങൾ കണ്ടെത്തുന്നു.<br>• രക്ഷിതാവിന്റെ സഹായത്തോടെവീട്ടിൽ അടുക്കളത്തോട്ടം നിർമ്മിച്ച് ഫോട്ടോ ക്ലാസ് ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നു.<br>• ചെടികൾ ഉണ്ടാവാന് എന്തൊക്കെയാണ് നടേണ്ടത് എന്ന് തിരിച്ചറിയുന്നു. | |
| ഡിസംബർ | • പൂക്കളിലെ വൈവിധ്യം തിരിച്ചറിയുന്നു<br>• രാത്രിയിൽ വിരിയുന്ന പൂക്കൾ ഏതൊക്കെയെന്ന് കണ്ടെത്തുന്നു.<br>• അവയുടെ പൊതുവായ പ്രത്യേകത എന്തെന്ന് കണ്ടെത്തുന്നു. | |
| ജനവരി | • ഔഷധത്തോട്ട നിർമ്മാണം<br>• ആഹാരത്തിനാവശ്യമായ ചെടികൾ/അല്ലാത്തവ കണ്ടെത്തൽ<br>• പൂകകളുടെ ശേഖരപുസ്തകം തയ്യാറാക്കല്(പൂക്കളുടെ പേരും രേഖപ്പെടുത്തുന്നു)<br>• ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ | |
| ഫെബ്രുവരി | ”എന്റെ പൂക്കൾ” ആൽബം തയ്യാറാകകൽ<br>• പൂക്കളുടെ പതിപ്പ് തയ്യാറാക്കൽ<br>• ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ | |
| മാർച്ച് | • എന്റെ പരിസര പഠന പുസ്തകം/പൂക്കൾ പതിപ്പ് CPTA യില പ്രദർശനം.<br>• ചെടികളിൽ വ്യക്തമായ ധാരണ ഉറപ്പാക്കാൻ സാധിക്കുന്നു<br>• ചുറ്റുപാടും പലതരം ചെടികൾ,പൂക്കൾ, ഉണ്ടെന്നുള്ള വ്യക്തമായ ധാരണ ഉറപ്പിക്കാൻ കഴിയുന്നു. | |

ഒന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികളുടെയും സമഗ്രവികസനമാണ് ഓരോ അധ്യയനന വർഷവും ലക്ഷ്യം വെക്കുന്നത്.എഴുത്ത്,വായന,മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.ജൂൺ മുതൽ മാർ ച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളിലൂടെ ഓരോ കുട്ടിക്കും ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവ കൃഷിയിലും  കൂടുതൽ അവബോധം സാധ്യമാവുന്നു.

**ലക്ഷ്യങ്ങൾ**

- ഒന്നാം ക്ലാസിലെ എല്ലാകുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാവുക.
- ഒന്നാം ക്ലാസിലെ എല്ലാകുട്ടികളെയും ലളിതമായ ബാല സാഹിത്യ കഥകൾ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- ലളിതമായ വായനാകാർഡുകൾ നിർമ്മിക്കുന്നു,വായിക്കുന്നു.
- ലിപി തിരിച്ചറിയാതെ തന്നെ തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയ പദങ്ങൾ വാക്യങ്ങൾ എന്നിവ വായിക്കുന്നു. (ഗ്രാഫിക് വായന)
- ലിപി തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു വാക്യങ്ങൾ എഴുതുന്നു.വായിക്കുന്നു.
- (പട്ടം കണ്ടു,മല കണ്ടു,മരം കണ്ടു)
- പല തരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തി എടുക്കുന്നു.
- ഒന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികളുടെയും സ്വതന്ത്ര വായനക്കാരും സ്വതന്ത്ര എഴുത്തുകാരുമാക്കി മാറ്റുക.

| കാലയളവ് | പ്രവർത്തനം | |
|---|---|---|
| ജൂൺ<br><br><br><br><br><br>ജൂലൈ<br><br><br><br><br><br>ആഗസ്റ്റ് | • കളികളിലൂടെ ചിത്രവായന<br>• വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുടടികളെ പ്രാപ്തരാക്കുക.<br>• നിറം നൽകാൻ അവസരം ഒരുക്കൽ<br>• ചിത്ര കാർഡുകൾ വായന നിർമ്മാണ ശാല<br>• വായന സാമഗ്രികൾ നിർമ്മിക്കൽ<br>• അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• ചിത്ര വായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടൽ<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• വായനാമൂല ഒരുക്കൽ<br><br>• ചിത്രവായനാകാർഡ് തയ്യാറാക്കൽ<br>• അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന പദങ്ങൾ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• അക്ഷരപ്പാട്ടുകളിലൂടെ ചെറു ചോദ്യങ്ങൾ ചോദിക്കുന്നു .<br>• ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തി വട്ടം വരയ്ക്കുന്നു.<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ പ്രദർശനം.<br><br><br><br>• ചിഹ്നങ്ങൾ ഉറപ്പിക്കാൻ ഉതകുന്ന കൂടുതൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>• ലളിതമായ വായനാകാർഡുകൾ സഹായത്തോടുകൂടി നിർമ്മിക്കുന്നു. | |

| | | |
|---|---|---|
| സെപ്തംബർ<br><br><br><br>ഒക്ടോബർ<br><br><br><br><br><br><br><br><br><br><br><br><br><br>ഡിസംബർ<br><br>ജനുവരി | • വായനാകാർഡുകൾ വായിക്കുന്നു.<br><br>• ചിത്ര വായനയിലൂടെ ചെറുവാക്യങ്ങൾ കണ്ടെത്തി വായിക്കുന്നു<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• ആസ്വാദനകരമായ വായന നടത്തല്<br>• എന്റെ വായന സമ്മാനം ,പാട്ടരങ്ങ് സംഘടിപ്പിക്കുന്നു.<br>• പിറന്നാൾ ദിനത്തിൽ ,വായനാസാമഗ്രികൾ സ്കൂൾ ലൈബ്രറിയിലേക്ക് വിതരണം ചെയ്യുന്നു.<br>• വരികൾ കൂട്ടിച്ചേർക്കൽ<br>• മാതൃകകൾ നൽകി കൂടുതൽ അവസരങ്ങൾ നൽകുന്നു.<br>• പത്ര വായനക്ക് അവസരങ്ങൾ നൽകുന്നു.<br>• രചനോത്സവം നടത്തുന്നു.<br><br>• ചെറു വിവരണങ്ങൾ കൂട്ടി സ്വന്തമായി തയ്യാറാക്കൽ<br>• മാഗസിൻ നിർമ്മാണം,രചനോത്സവ ഉൽപ്പന്നങ്ങൾ ഉപയോഗിച്ച്<br>• ചിത്ര കഥ<br>• ചെറുകഥകൾ കേൾക്കുന്നു.<br>• ചിത്ര കഥകൾ നിർമ്മിക്കുന്നു.<br>• ഓരോ ചിത്രത്തിനും യോജിച്ച കഥകൾ നിർമ്മിച്ച് എഴുതുന്നു. | |

| | | |
|---|---|---|
| ഫെബ്രുവരി | • കൂട്ടുവായന-ചെറിയ വായനാ കാർഡുകൾ ബാല സാഹിത്യകൃതികൾ ഉപയോഗിച്ച് പരസ്പര സഹായത്തോടുകൂടി വായന നടത്തുന്നു.<br>• ICT സാധ്യത ഉപയോഗിച്ച് ഇ-വായന നടത്തുന്നു. | |
| മാർച്ച് | • കുട്ടികൾ തയ്യാറാക്കിയ കഥകൾ ,കവിതകൾ എന്നിവയുടെ പ്രകാശനം<br>• അമ്മ വായന,വീട്ടു വായന,കൂട്ടുവായന, നാട്ടു വായന,ചിത്ര വായന,സ്വതന്ത്ര വായന എന്നീ തന്ത്രങ്ങളിലൂടെ വായന ഉറപ്പിക്കുന്നു.<br>• സ്വതന്ത്രമായി എഴുതിയും വായിച്ചും വിദ്യാസമ്പത്ത് ഉറപ്പിക്കുന്നു.<br>• എന്റെ അക്ഷര പുസ്തകം തയ്യാറാക്കുന്നു.<br>• പതിപ്പുകൾ തയ്യാറാക്കുന്നു.<br>• എന്റെ പാട്ടു പുസ്തകം തയ്യാറാക്കൽ<br>• പലതരത്തിലുള്ള മാഗസീനുകളും (കയ്യെഴുത്ത് ) തയ്യാറാക്കി CPTA യിലും PTA യിലും നവ മാധ്യമങ്ങളിലും പങ്കിടുന്നു. | |